©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 16<br>16th October 2018<br>1194 കന്നി 30<br>30th Kanni 1194<br>1940 ആശ്വിനം 24<br>24th Aswina 1940 | നമ്പർ<br>No. | 41 |

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ദർഘാസ് പരസ്യം

നമ്പർ ബി 455/2018. 2018 സെപ്റ്റംബർ 26.

അഞ്ചൽ ജില്ലാ കൃഷി ഫാമിൽ വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ/ലേല നടപടികൾക്ക് വിധേയമായി എസ്കവേറ്റർ പ്രവർത്തിപ്പിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനും ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിനുമായി താൽപര്യമുള്ളവരിൽനിന്നും മൽസര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രവൃത്തിയുടെ വിവരം

1. 100 ചതുരശ്രമീറ്റർ സ്ഥലത്തെ കാട് കളയുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്.
2. 100 ചതുരശ്രമീറ്റർ സ്ഥലം നിരപ്പാക്കി തട്ടുകളാക്കുന്നതിനുള്ള നിരക്ക്.
3. 1× 1 × 1 മീറ്റർ വലിപ്പമുള്ള കുഴികൾ—100 കുഴികൾ എടുക്കുന്നതിനുള്ള നിരക്ക്.

| ക്രമ നമ്പർ | സ്കീമിന്റെ പേര് | പ്രവൃത്തിയുടെ പേര് |
|---|---|---|
| 1 | സ്മാഫ് | എസ്കവേറ്റർ പ്രവർത്തനം |
| 2 | എച്ച്. വൈ. വി. കോക്കനട്ട് ഡെമോൺസ്ട്രേഷൻ പ്ലോട്ട് | എസ്കവേറ്റർ പ്രവർത്തനം |
| 3 | എച്ച്. വൈ. വി. കോക്കനട്ട് ഡെമോൺസ്ട്രേഷൻ പ്ലോട്ട് | ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കൽ |

നിരതദ്രവ്യം—ക്രമനമ്പർ 1, 2 ഇവയ്ക്ക് ` 1,500, ക്രമനമ്പർ 3-ന് ` 1,300.

ടെണ്ടർ ഫോമിന്റെ വില—` 500 + ജി. എസ്. റ്റി.

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—23-10-2018, 11 മണി.

പൂരിപ്പിച്ച ടെണ്ടര്‍ സ്വീകരിക്കേണ്ട തീയതിയും സമയവും—23-10-2018, 12 മണി വരെ.

ടെണ്ടര്‍ തുറക്കേണ്ട തീയതിയും സമയവും—ക്രമനമ്പര്‍ 1-ന് 23-10-2018, 2.30 മണി, ക്രമനമ്പര്‍ 2-ന് 23-10-2018, 2.45 മണി, ക്രമനമ്പര്‍ 3-ന് 23-10-2018, 3 മണി.

നിബന്ധനകള്‍

1. ടെണ്ടറില്‍ പങ്കെടുക്കുവാന്‍ ആഗ്രഹിക്കുന്നവര്‍ മുകളില്‍ വിശദീകരിച്ച പ്രവൃത്തികളുടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സീല്‍ ചെയ്ത ടെണ്ടറുകള്‍ നിശ്ചിത സമയത്തിനു മുന്‍പായി അഞ്ചല്‍ ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ പേരില്‍ ഫാം ഓഫീസില്‍ നല്‍കേണ്ടതാണ്. ഏത് പ്രവൃത്തിക്ക് ഏത് സ്കീമിലാണ് ടെണ്ടര്‍ എന്ന് കവറിനു പുറത്ത് രേഖപ്പെടുത്തിയിരിക്കണം.

2. കൂടുതല്‍ വിവരങ്ങള്‍ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ഓഫീസില്‍ നേരിട്ടും ഫോണിലൂടെയും അറിയാവുന്നതാണ്.

3. എല്ലാ സര്‍ക്കാര്‍ ലേലം/ടെണ്ടറുകള്‍ക്കുമുള്ള നിബന്ധനകള്‍ ഇതിനും ബാധകമാണ്.

ജില്ലാ കൃഷി ഫാം, (ഒപ്പ്)
അഞ്ചല്‍, കോട്ടുക്കല്‍ പി. ഒ. സൂപ്രണ്ട്.